# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 564** — **12.06.2012-ൽ മറുപടിയ്ക്ക്**

## ദേശീയ ഗെയിംസിന്റെ നടത്തിപ്പ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. വി. വിജയദാസ്** | **ശ്രീ. കെ.ബി. ഗണേഷ്കുമാർ (വനവും, സ്പോർട്സും, സിനിമയും വകുപ്പു മന്ത്രി)** |
| (എ) കേരളം ആകാംക്ഷയോടെ കാത്തിരിക്കുന്ന ദേശീയ ഗെയിംസിന്റെ ഒരുക്കങ്ങളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) കേരളം ആതിഥ്യം വഹിക്കുന്ന 35-ാമത് ദേശീയ ഗെയിംസിന്റെ ഭൗതികസാഹചര്യ വികസനം, നടത്തിപ്പ്, നിരീക്ഷണം, ഏകോപനം, എന്നിവയ്ക്കായി 'നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്' രൂപം നൽകി പ്രവർത്തിച്ചു വരുന്നു. മുഖ്യമന്ത്രി ചെയർമാനായി ഒരു ഓർഗനൈസിംഗ് കമ്മിറ്റി, കായിക വകുപ്പുമന്ത്രി ചെയർമാനായി ഒരു എംപവേർഡ് കമ്മിറ്റി, കൂടാതെ സ്പോർട്സ് ടെക്നിക്കൽ കമ്മിറ്റി, വർക്സ് ടെക്നിക്കൽ കമ്മിറ്റി എന്നിവയും പ്രവർത്തിച്ചു വരുന്നു.<br><br>ദേശീയ ഗെയിംസിനോടനുബന്ധിച്ച് നാല് ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങൾ നിർമ്മിക്കുവാൻ ലക്ഷ്യമിടുന്നു. ഉദ്ഘാടന സമാപന വേദിയായ കാര്യവട്ടം ഗ്രീൻഫീൽഡ് ഇൻഡോർ സ്റ്റേഡിയം, വട്ടിയൂർക്കാവ് ഇൻഡോർ സ്റ്റേഡിയം, ചേവായൂർ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് ഗ്രീൻഫീൽഡ് സെൻട്രൽ സ്റ്റേഡിയം, തിരുവനന്തപുരം എന്നിവയാണിവ. കൂടാതെ, തിരുവനന്തപുരം കേന്ദ്രമായി കായികതാരങ്ങൾക്കും മറ്റ് ഒഫിഷ്യലുകൾക്കും താമസ സൗകര്യമൊരുക്കുന്നതിനായി പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് ഗെയിംസ് വില്ലേജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രധാന വേദികൾ എവിടെയെല്ലാമാണ് ക്രമീകരി ക്കുന്നതെന്നുള്ള വിശദവിവരങ്ങൾ നൽകുമോ; | (ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ഗെയിംസിന്റെ ഭാഗമായി കേരളത്തിന്റെ സ്പോർട്സ് ശാക്തീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ദേശീയ ഗെയിംസിനായി ഒരുക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കേരള ത്തിലെ കായിക മേഖലയ്ക്ക് ഒരു മുതൽക്കൂട്ടാകും. |
| (ഡി) | നിയോജകമണ്ഡലാടിസ്ഥാനത്തിൽ സ്പോർട്സിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ദേശീയ ഗെയിംസിനായി തീരുമാനിച്ചിട്ടുള്ള മത്സര ഇനങ്ങളും, പ്രദർശന ഇനങ്ങളും, വേദികളും ([illegible]).

| ഉദ്ഘാടന-സമാപന ചടങ്ങ് | | | ന്യൂ ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം |
|---|---|---|---|
| നം. | മത്സര ഇനം | | വേദി |
| 1. | അത്‌ലറ്റിക്സ്<br>,, | –<br>– | യൂണിവേഴ്സിറ്റി സ്റ്റേഡിയം,<br>ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം (വാം അപ് ഗ്രൗണ്ട്) |
| 2. | (എ) അക്വാട്ടിക്സ് (സ്വിമ്മിംഗ്),<br>(ബി) (വാട്ടർപോളോ) | – | (എ) പിരപ്പൻകോട് സ്വിമ്മിംഗ് പൂൾ<br>(ബി) വാട്ടർ വർക്സ് സ്വിമ്മിംഗ് പൂൾ |
| 3. | സൈക്കിളിംഗ് | – | എൽ.എൻ.സി.പി.ഇ, കാര്യവട്ടം |
| 4. | ജിംനാസ്റ്റിക്സ് | – | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം |
| 5. | ഖോ-ഖോ | – | ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ |
| 6. | കബഡി | | |
| 7. | തയ്കോൺഡോ | – | അഗ്രികൾച്ചറൽ കോളേജ് ഇൻഡോർ സ്റ്റേഡിയം, വെള്ളായണി, തിരുവനന്തപുരം |
| 8. | നെറ്റ്ബോൾ | | |
| 9. | ടെന്നീസ് | – | ട്രിവാൻഡ്രം ടെന്നീസ് ക്ലബ്ബ്, തിരുവനന്തപുരം |
| 10. | സൈക്കിൾ പോളോ | – | സി.എസ്.എൻ സ്റ്റേഡിയം, തിരുവനന്തപുരം |
| 11. | സ്ക്വാഷ് | | |
| 12. | വുഷു | – | ഐ.ആർ.സി ശംഖുമുഖം, തിരുവനന്തപുരം |
| 13. | ട്രയാത്തലൻ | – | കോവളം ബൈപാസ് |
| 14. | ഹാൻഡ്ബോൾ | – | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം |
| 15. | ബീച്ച് ഹാൻഡ്ബോൾ | – | ശംഖുമുഖം, തിരുവനന്തപുരം |
| 16. | ഷൂട്ടിംഗ് | – | ഷൂട്ടിങ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം |
| 17. | ഹോക്കി സ്ത്രീ – പുരുഷ വിഭാഗങ്ങൾ | – | ഹോക്കി സ്റ്റേഡിയം, കൊല്ലം |
| 18. | റഗ്ബി സെവൻസ് | – | കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം |
| 19. | കനോയിംഗ് കയാകിംഗ് | – | പുന്നമടക്കായൽ, ആലപ്പുഴ |
| 20. | റോവിംഗ് | – | |

| | | | |
|---|---|---|---|
| 21. | ആർച്ചറി | – | ജവഹർലാൽ നെഹ്റു സ്റ്റേഡിയം, കൊച്ചി |
| 22. | ബാഡ്മിന്റൺ | – | രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി |
| 23. | ഫെൻസിംഗ് | – | സെന്റ് പീറ്റേഴ്സ് കോളേജ് ഇൻഡോർ സ്റ്റേഡിയം, കോലഞ്ചേരി |
| 24. | കരാട്ടെ | – | ആർ.എസ്സ്.സി സെന്റർ, കൊച്ചി |
| 25. | ലോൺ ബൗൾ | – | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് |
| 26. | യാട്ടിംഗ് | – | മുനമ്പം, കൊച്ചി |
| 27. | ടേബിൾ ടെന്നീസ് | – | രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി |
| 28. | ജൂഡോ | – | ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ |
| 29. | വെയ്റ്റ്ലിഫ്റ്റിംഗ് | | |
| 30. | ബോക്സിംഗ് – സ്ത്രീകൾ<br>പുരുഷൻമാർ | –<br>– | തൃപ്രയാർ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ |
| 31. | ഫുട്ബോൾ – സ്ത്രീകൾ<br>പുരുഷൻമാർ | –<br>– | കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ<br>കോർപ്പറേഷൻ സ്റ്റേഡിയം & മെഡിക്കൽ കോളേജ്, കോഴിക്കോട് |
| 32. | വോളീബോൾ – സ്ത്രീകൾ<br>പുരുഷൻമാർ | – | വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് |
| 33. | ബീച്ച് വോളീബോൾ | – | കോഴിക്കോട് ബീച്ച് |
| 34. | സെപാക് താക്റോ | – | വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് |
| 35. | ബാസ്കറ്റ് ബോൾ സ്ത്രീ – പുരുഷ വിഭാഗങ്ങൾ | – | ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട്, കണ്ണൂർ |
| 36. | റസ്ലിംഗ് | – | ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട്, കണ്ണൂർ |
| | **പ്രദർശന ഇനങ്ങൾ** | | |
| 1. | ബോട്ട് റെയിസ് | – | പുന്നമടക്കായൽ, ആലപ്പുഴ |
| 2. | കളരിപ്പയറ്റ് | – | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം |

[signature] 5.0